(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഇതിനായി സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്ക്, പഞ്ചായത്ത് ഒരുക്കിതരേണ്ട അഞ്ചു വർഷത്തേയ്ക്ക് വാടകരഹിതമായി കുറഞ്ഞത് 500 ച. അടി വിസ്തീർണ്ണത്തിലുള്ള വാർക്കകെട്ടിടം, കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ എന്നിവയെ സംബന്ധിച്ചുള്ള വ്യക്തമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോയിൽനിന്നും കത്ത് നൽകുകയുണ്ടായി. സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമള, തിരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തു.

(ഡി) സപ്ലൈകോ വിൽപ്പനശാലകൾവഴി എല്ലാ ജനങ്ങൾക്കും 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ നിത്യോപയോഗ/FMCG സാധനങ്ങളും MRP -യിൽനിന്ന് ശരാശരി 5%മുതൽ 30% വരെ വിലക്കുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതുവഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

നെല്ല് സംഭരണ കടിശ്ശിക

204 (1238) ശ്രീമതി ഗീതാഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ താങ്ങുവിലയിലുള്ള കടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താങ്ങുവില കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(സി) കുടിശ്ശിക പൂർണ്ണമായും എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 24-6-2015-ാം തീയതിയിലെ കണക്ക് പ്രകാരം തൃശ്ശൂർ ജില്ലയിലെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ താങ്ങുവിലയിലുള്ള കുടിശ്ശിക 33.82 കോടി രൂപയാണ്.

(ബി&സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

നെല്ല് സംഭരണം

205 (1239) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രണ്ടാം വിളയിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത് ;

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക നൽകിക്കഴിഞ്ഞോ ; എത്ര തുകയാണ് ഇതുവരെ നൽകിയതെന്നും ഇനി എത്ര നൽകാനുണ്ടെന്നും വിശദമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ എത്ര തുകയാണ് കർഷകർക്ക് നൽകുവാൻ ബാക്കിയുള്ളത് ; ആയത് എന്ന് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 രണ്ടാംവിളയിൽ 406328 ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്.

(ബി) 2014-15 രണ്ടാംവിളയിൽ 24-6-2015 വരെ കർഷകർക്ക് നൽകിയത് 591.61 കോടി രൂപയാണ്. ഇനി നൽകുവാനുള്ളത് 181.09 കോടി രൂപയാണ്.

(സി) 2014-15 രണ്ടാംവിള സീസണിൽ പാലക്കാട് ജില്ലയിൽ 24-6-2015-ലെ കണക്ക് പ്രകാരം കർഷകർക്ക് നൽകുവാൻ ബാക്കിയുള്ളത് 31 ലക്ഷം രൂപയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നെല്ല് സംഭരിച്ച ഇനത്തിലുള്ള കുടിശ്ശിക തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly